# ഒൻപതാം ക്ലാസ്സിനായി നവപ്രഭ ക്ലാസ്സുകൾ

തിരു:ഒൻപതാം ക്ലാസ്സിൽ പഠനത്തിന് കൂടുതൽ ശ്രദ്ധ ആവശ്യമായ വിദ്യാർത്ഥികൾക്കായി നടപ്പാക്കുന്ന പഠന പരിഹാര ബോധന പരിപാടി നവപ്രഭയ്ക്ക് കോട്ടൺഹില്ലിലും തുടക്കം. പി.ടി.എ പ്രസിഡന്റ് ഉദ്ഘാടനം നിർവ്വഹിച്ചു. ഒൻപതാം ക്ലാസിൽ ഗണിതം, ഇംഗ്ലീഷ്, മലയാളം, സയൻസ് എന്നീ വിഷയങ്ങളിലാണ് നവപ്രഭ ക്ലാസ്സുകൾ . പ്രവൃത്തി ദിനങ്ങളിൽ ഒരു മണിക്കൂർ നീണ്ടു നിൽക്കുന്ന ക്ലാസിൽ തിരഞ്ഞെടുക്കപ്പെട്ട വിദ്യാർത്ഥിനികൾ പങ്കെടുക്കും. പ്രത്യേകം ചുമതലപ്പെടുത്തിയ അധ്യാപകരാണ് ക്ലാസ് നയിക്കുന്നത്.

## കായികരംഗത്ത് മാറ്റുരച്ച് വനിതകൾ

കോട്ടൺഹിൽ സ്കൂളിലെ ഈ അദ്ധ്യയനവർഷത്തെ കായികമത്സരം സെൻട്രൽ സ്റ്റേഡിയത്തുവച്ച് നടത്തി. വിവിധ കായിക ഇനങ്ങളിൽമാറ്റുരച്ച വിദ്യാർത്ഥിനികൾ മികച്ച നിലവാരമാണ് പുലർത്തിയത്.



## സ്കൂൾതലശാസ്ത്രമേള: ശാസ്ത്ര പ്രതിഭകൾ പീലിവിടർത്തി.

തിരു ശാസ്ത്രം,സാമൂഹ്യശാസ്ത്രം,ഗണിതശാസ്ത്രം, ഐ.ടി,പ്രവർത്തിപരിചയം എന്നീ രംഗങ്ങളിൽ തങ്ങളുടെ കഴിവുതെളിയിച്ച് കരുന്ന പ്രതിഭകൾ തുടർന്നു നടന്ന ഉപജില്ലാ മത്സരങ്ങളിൽ സാമൂഹ്യശാസ്ത്രം,ഗണിതശാസ്ത്രം,ഐ.ടി എന്നിവയിൽ ഓവറാൾട്രോഫി നമ്മുടെ സ്കൂൾ നേടി

## ഹെൽത്ത്ക്ലബ്ബ്

എല്ലാവർക്കും ആരോഗ്യം എന്ന ലോകാ രോഗ്യ സംഘടനയുടെപ്രഖ്യാപിതലക്ഷ്യംനേടുന്നതിനുവേണ്ടിയാണ്സ്കൂൾതലത്തിൽഹെൽത്ത്ക്ലബ്ബുകൾരൂപീകരിച്ചിരിക്കുന്നത്രോഗപ്രതിരോധംരോഗനിവാരണംഎന്നിവയെക്കുറിച്ചിദ്യാർത്ഥികളെയുംതദ്വാരാരക്ഷാകർത്താക്കളെയുംസമൂഹത്തെയുംബോധവൽക്കരിക്കുകയാണ്ഇതിന്റെപ്രധാനലക്ഷ്യം.കേരളത്തിലെ സ്കൂൾതലത്തിലുള്ള ആദ്യ ഹെൽത്ത്ക്ലിനിക്ക്ഹെൽത്ത്ക്ലബ്ബിന്റെപ്രവർത്തനത്തിനുവേണ്ടമാർഗ്ഗനിർദ്ദേശങ്ങൾനല്കുന്നു.ഡെങ്കുബോധവത്കരണം,പ്രതിരോധമരുന്നു വിതരണം, ദേശീയ രക്തദാന ദിനാചരണം, കൗമാര ആരോഗ്യ സെമിനാർ, എയ്ഡ്സ്ബോധവത്കരണം ,കാൻസർബോധവത്കരണം, 'Cyber addiction' ബോധവത്കരണം എന്നിങ്ങനെയുള്ള പ്രവർത്തനങ്ങൾ ഈ ക്ലബിന്റെ ആഭിമുഖ്യത്തിൽ നടന്നു.




## സ്പെഷ്യൽസ്കൂൾകലോത്സവത്തിലും കോട്ടൺഹില്ലിന്ഉജ്ജ്വല വിജയം

തിരു:സ്പെഷ്യൽസ്കൂൾ കലോത്സവത്തിലും കോട്ടൺഹിൽ അഭിമാനാർഹമായവിജയം കരസ്ഥമാക്കി ഓവറാൾ ട്രോഫി നേടി



## ആദരാഞ്ജലികൾ

ഈ അദ്ധ്യയനവർഷം അകാലത്തിൽപൊലിഞ്ഞുപോയ അജീഷ(8 K) ) യുംഗോപിക(8 B)യും ആദരാഞ്ജലികൾ